(എച്ച്) പ്ലസ് ടൂ അനുവദിച്ചതിൽ വ്യാപകമായ അഴിമതി ഉണ്ടായിട്ടുണ്ടെന്ന ആരോപണത്തെക്കുറിച്ച് നിഷ്പക്ഷമായ അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) മാനദണ്ഡം നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് (ജി.ഒ. എം.എസ്.107/2000/ജന. എഡ്യൂ. തീയതി 30/3/2000) അടക്കം ചെയ്യുന്നു.*

(ബി) ആവശ്യാനുസരണം അനുവദിച്ചിട്ടില്ല എന്ന് പരാതി ലഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) സ്വകാര്യ സ്കൂളുകളിലാണ് കൂടുതൽ പ്ലസ് ടൂ സീറ്റുകൾ അനുവദിച്ചിട്ടുള്ളത്.

(ഇ) ഏതാനും പുതിയ ഹൈസ്കൂളുകൾ അനുവദിച്ച് അവിടെ പ്ലസ് ടൂ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്. ആവശ്യമായ സൗകര്യങ്ങൾ ഉള്ള സ്കൂളുക്കളിലാണ് കോഴ്സ് അനുവദിച്ചിട്ടുള്ളത്.

(ജി) ഉണ്ട്.

(എച്ച്) അടിസ്ഥാനരഹിതമായ ആരോപണം ആയതുകൊണ്ട് അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നില്ല.

ഡി. പി. ഇ. പി. പാഠ്യപദ്ധതി സംബന്ധിച്ച് പഠനം

6 (*96) ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഡി.പി.ഇ.പി. പാഠ്യപദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) വിദ്യാർത്ഥികളുടെ പഠനാഭിമുഖ്യം, പഠനശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്തുന്നതിന് ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഡി.പി.ഇ.പി.യുടെ ആവിർഭാവത്തോടെ സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ കൊഴിഞ്ഞുപോക്ക് കുറഞ്ഞുവരുന്നതായി അനുഭവമുണ്ടോ ; വിശദീകരിക്കാമോ ;

(ഇ) ഡി.പി.ഇ.പി. പഠന പദ്ധതിയിൽ ഇംഗ്ലീഷ് പഠനം ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഡി.പി.ഇ.പി. പാഠ്യപദ്ധതി പ്രവർത്തനം സംബന്ധിച്ച് ഒട്ടേറെ പഠനങ്ങൾ നടന്നിട്ടുണ്ട്. ഒന്നാം ഘട്ടമായി ഡി.പി.ഇ.പി. നിലവിൽ വന്ന ജില്ലകളിൽ കുട്ടികളിലെ പഠനനേട്ടം വിലയിരുത്താൻ എൻ.സി.ഇ.ആർ.ടിയുടെ നിർദ്ദേശാനുസരണം കേരള സർവ്വകലാശാലയിലെ വിദ്യാഭ്യാസവകുപ്പ് ഒരു പഠനം നടത്തുകയുണ്ടായി. "കൂടാതെ പുതിയ പാഠ്യപദ്ധതി നിലവിൽ വന്നശേഷം എല്ലാവർഷവും ക്ലാസ്സ്മുറിയിലെ പ്രശ്നങ്ങൾ, നേട്ടങ്ങൾ എന്നിവ മനസ്സിലാക്കുവാൻ അഞ്ച് ഇന്റേണൽ അക്കാഡമിക് പഠനങ്ങളും നടത്തുകയുണ്ടായി. ഇപ്പോൾ എൻ. സി. ഇ. ആർ. ടിയുടെ നേതൃത്വത്തിൽ പുതിയൊരു പഠനം കൂടി നടത്താനുള്ള തയ്യാറെടുപ്പുകൾ നടന്നു കഴിഞ്ഞു. മാത്രമല്ല, ഡി.പി.ഇ.പി. യുടെ ഭാഗമായി ആവിഷ്കരിച്ച അക്കാദമിക് പ്രവർത്തനങ്ങളെ സമഗ്രമായി വിലയിരുത്താൻ കേരളത്തിനു പുറത്തുള്ള രണ്ടു വിദ്യാഭ്യാസ വിദഗ്ദ്ധർ ഇപ്പോൾ പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്.

(ബി) വിദ്യാർത്ഥികളുടെ പഠനാഭിമുഖ്യം, പഠനശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ കിങ്ങിണിക്കുട്ടം പരിപാടി 1-4 ക്ലാസ്സുകളിൽ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. ഈ അദ്ധ്യായന വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന വിഞ്ജാനോൽസവ പരിപാടിയായിട്ടാണ് കിങ്ങിണിക്കുട്ടം വിഭാവന ചെയ്തിട്ടുള്ളത്.

(സി&ഡി) ഡി.പി.ഇ.പി. യുടെ ആവിർഭാവത്തോടെ, കൊഴിഞ്ഞുപോക്ക് ഉണ്ടായി എന്നു പറയുന്നത് ശരിയല്ല. ഡി. പി. ഇ. പി. യുടെ ഭാഗമായി സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിനെ സംബന്ധിച്ച് മാത്രമായി പ്രത്യേക പഠനം നടത്തിയിട്ടില്ല. എന്നാൽ കുട്ടികളുടെ മാനസികമായ കൊഴിഞ്ഞുപോക്ക് മുമ്പുണ്ടായിരുന്നതിൽ നിന്നും കുത്തനെ കുറഞ്ഞിട്ടുണ്ടെന്നാണ് ഇതുവരെ നടത്തിയ അക്കാദമിക് പഠനങ്ങൾ വ്യക്തമാക്കുന്നത്.

(ഇ) ഉണ്ട്. ഡി. പി. ഇ. പി. പാഠ്യപദ്ധതി പ്രകാരം 1999-2000-ൽ ഡി.പി.ഇ.പി. ജില്ലകളിൽ തിരഞ്ഞെടുത്ത 60 സ്കൂളുകളിൽ "സെക്കന്റ് ലാംഗ്വേജ് അക്വിസിഷൻ പ്രോഗ്രാം" (എസ്.എൽ.എ.പി.) എന്ന പേരിൽ ഇംഗ്ലീഷ് പഠനം അനുഭവാധിഷ്ടിതവും, ശിശുകേന്ദ്രീകൃതവുമാക്കാൻ 4,5 ക്ലാസ്സുകളിൽ പരീക്ഷണാർത്ഥം പഠന പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. പ്രസ്തുത പരിപാടി വിലയിരുത്തിയതിൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള കുട്ടികളുടെ ശേഷി വളരെയേറെ വർദ്ധിച്ചതായി തെളിഞ്ഞതിനാൽ ഈ അക്കാദമിക് വർഷം ഡി.പി.ഇ.പി. ജില്ലകളിലെ എല്ലാ പഞ്ചായത്തിലേയും രണ്ട് സ്കൂളുകളിൽ വീതവും എല്ലാ മുനിസിപ്പാലിറ്റികളിലേയും നാല് സ്കൂളുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

വീതവും ഡി. പി. ഇ. പി. ഇതര ജില്ലകളിലെ തെരഞ്ഞെടുത്ത രണ്ട് പഞ്ചായത്തുകളിലെ മുഴുവൻ സ്കൂളുകളിലെ 4-ാം ക്ലാസ്സിലേക്കും എൻ.സി.ഇ.ആർ.ടി. മുഖേന ഈ പഠനരീതി വ്യാപിപ്പിച്ചിരിക്കുകയാണ്.

ബ്ലോക്ക് പഞ്ചായത്തുകളുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നടപടി

7 (*97) ശ്രീമതി രാധാരാഘവൻ :

ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടുതൽ സാമ്പത്തിക പ്രതിസന്ധിയിൽ പ്രവർത്തനം നടത്തിയ എത്ര ബ്ലോക്ക് പഞ്ചായത്തുകൾ 1999-2000-ൽ ഉണ്ടായിരുന്നു ;

(ബി) ഇവയ്ക്ക് സാമ്പത്തിക പ്രതിസന്ധി ഉണ്ടാകാനുള്ള കാരണമെന്താണ് ;

(സി) ജീവനക്കാർക്ക് 1999-2000-ലെ ഏതെങ്കിലും മാസത്തെ ശമ്പളം നിർദ്ദിഷ്ട തീയതികളിൽ നൽകാൻ കഴിയാത്ത എത്ര ബ്ലോക്ക് പഞ്ചായത്തുകൾ സംസ്ഥാനത്തുണ്ട് ;

(ഡി) ഇത്തരം ബ്ലോക്ക് പഞ്ചായത്തുകളുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തു നടപടി കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്ന വിഷയത്തിൽ ബ്ലോക്ക് പഞ്ചായത്തുകളിൽ പ്രതിസന്ധി ഉണ്ടായിട്ടില്ല. എന്നാൽ ഭരണ ചെലവുകളുടെ കാര്യത്തിൽ ചില ബ്ലോക്ക് പഞ്ചായത്തുകളിൽ പ്രതിസന്ധി ഉണ്ടായിട്ടുണ്ട്.

(ബി) അംഗങ്ങളുടെ ഓണറേറിയം അലവൻസുകൾ ജീവനക്കാരുടെ ശമ്പളം എന്നിവയിൽ ഉണ്ടായ വർദ്ധനവ് ആണ് പ്രതിസന്ധിക്ക് കാരണം.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) നിലവിലുള്ള അലോട്ട്മെന്റ് മാനദണ്ഡങ്ങൾ പുതുക്കി, അനുവദനീയമായ ആവശ്യങ്ങൾക്ക് യഥാർത്ഥത്തിൽ വേണ്ടിവരുന്ന തുക നൽകുന്നതിന് ആവശ്യമായ ശുപാർശകൾ സമർപ്പിക്കാൻ ധനകാര്യ കമ്മീഷനോട് ആവശ്യപ്പെടുന്നുണ്ട്.

പാഠപുസ്തകങ്ങളുടെ അച്ചടി

8 (*98) ശ്രീ. വി. കെ. ചന്ദ്രൻ :

ശ്രീ. എം. ദാസൻ :

ശ്രീ. സി. കെ. രാജേന്ദ്രൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :

ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly